**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 808** **06-10-2021 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ പഠനോപകരണങ്ങളുടെ ലഭ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | ഓൺലൈൻ പഠനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ ആദിവാസി മേഖലകളിലും പട്ടികജാതി / പട്ടികവർഗ്ഗ കോളനികളിലും നെറ്റ് വർക്ക് കണക്ടിവിറ്റി ലഭ്യത ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ഡിജിറ്റൽ പഠനോപകരണങ്ങളുടെ അഭാവം മൂലവും കണക്ടിവിറ്റിയുടെ അഭാവം മൂലവും പഠന പ്രവർത്തന ങ്ങൾക്ക് വിഷമം നേരിടുന്ന വിദ്യാർത്ഥികൾക്ക് ഇവ ലഭ്യമാക്കാൻ പട്ടികവർഗ്ഗ വികസന വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കണക്ടിവിറ്റി ലഭ്യമാക്കാൻ ടെലകോം/ഇന്റർനെറ്റ് സേവനദാതാക്കളുമായി ചർച്ച നടത്തി സങ്കേതങ്ങൾക്ക് അനുസൃതമായ മാർഗങ്ങൾ സ്വീകരിച്ച് കണക്ടിവിറ്റി ലഭ്യമാക്കാൻ വകുപ്പിന്റെ കോർപ്പസ് ഫണ്ട് ഉപയോഗിക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി, പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നുണ്ട്. ഡിജിറ്റൽ ഉപകരണങ്ങൾ ഇല്ലാത്തതായി കണ്ടെത്തിയ വിദ്യാർത്ഥികൾക്ക് KITE മുഖേന ലാപ്ടോപ്പ് വിതരണം ആരംഭിച്ചിട്ടുണ്ട്. ഓൺലൈൻ പഠനം തടസപ്പെടാതിരിക്കാനും, ബോധന പ്രശ്നങ്ങൾ പരിഹരിക്കാനും സാമൂഹ്യ പഠന മുറികൾ, മറ്റ് കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഫെസിലിറ്റേറ്റർമാരെ നിയമിച്ചിട്ടുണ്ട്. ഇതിന് പുറമേ മെന്റർ ടീച്ചർമാർ, മോഡൽ റസിഡൻഷ്യൽ സ്കൂൾ അധ്യാപകർ, റിട്ട. അധ്യാപകർ എന്നിവരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ പ്രത്യേക ബോധനരീതി ആവിഷ്കരിക്കുന്ന കാര്യത്തിൽ വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ആദിവാസി /പട്ടികജാതി / പട്ടികവർഗ്ഗ കോളനികളിലെ എത്ര കുട്ടികൾക്ക് ഡിജിറ്റൽ പഠനോപകരണങ്ങൾ ലഭ്യമായിട്ടില്ല എന്നതിന്റെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | പട്ടികജാതി കോളനികളിലെ കണക്കു മാത്രമായി ശേഖരിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്താകെ 39,098 പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠനോപകരണങ്ങൾ ഇല്ലായെന്ന് കണക്കാക്കി യിട്ടുണ്ട്. ഹയർ സെക്കന്ററി തലം വരെ ഡിജിറ്റൽ ഉപകരണങ്ങൾ സ്വന്തമായി ലഭ്യമാക്കാൻ സാഹചര്യമില്ലാത്തവർ എന്ന് കണ്ടെത്തിയ 37,717 |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് KITE മുഖേന പഠനാവശ്യത്തിനായി ലാപ്പ്ടോപ്പുകൾ നൽകുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | മുഴുവൻ കുട്ടികൾക്കും ഡിജിറ്റൽ പഠനോപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | അർഹരായ എല്ലാ കുട്ടികൾക്കും ഡിജിറ്റൽ പഠനോപകരണങ്ങൾ ലഭ്യമാക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ് KITE മുഖേന ലാപ്പ്ടോപ്പുകൾ നൽകുന്നതിന് 01.09.2021-ലെ ജി.ഒ(ആർ.ടി) 3852/2021/GEDN നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തീരുമാനമായിട്ടുണ്ട്. ആയതിന്റെ വിതരണ നടപടികൾ പൊതുവിദ്യാഭ്യാസ വകുപ്പ് KITE മുഖേന ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ